**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1188** **10-08-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണയുടെ സബ്സിഡി നിരക്ക് ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി നിരക്കിൽ ലഭിക്കാത്തതിനാൽ ട്രോളിംഗ് നിരോധനകാലത്ത് മത്സ്യബന്ധനം നടത്തുന്നതിന് പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ; | (എ) | ഇല്ല. പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് ട്രോളിംഗ് നിരോധനകാല യളവിലും മത്സ്യബന്ധനത്തിനായുള്ള വെള്ള മണ്ണെണ്ണ മത്സ്യഫെഡ് വഴി ലിറ്ററിന് 25 രൂപ സബ്സിഡി എന്ന നിരക്കിൽ (ഡി.ബി.റ്റി മുഖേന) നൽകി വരുന്നുണ്ട്. യാനങ്ങളുടെ എഞ്ചിന്റെ കുതിരശക്തിയ്ക്കനുസരിച്ച് 10 എച്ച്.പി വരെ 140 ലിറ്റർ, 10എച്ച്.പി മുതൽ 15 എച്ച്.പി വരെ 150 ലിറ്റർ, 15 എച്ച്.പി ക്ക് മുകളിൽ 190 ലിറ്റർ എന്നിങ്ങനെയാണ് പെർമിറ്റ് ഉടമകൾക്ക് മണ്ണെണ്ണ ലഭ്യമാക്കുന്നത്. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ ഒരു ലിറ്റർ മണ്ണെണ്ണ എത്ര രൂപയ്ക്കാണ് ലഭിക്കുന്നത്; ഇവർക്ക് നിലവിൽ എത്ര രൂപയാണ് മണ്ണെണ്ണ സബ്സിഡിയായി ലഭിക്കുന്നത്; പ്രസ്തുത സബ്സിഡി തുക നിർണയിച്ചത് ഏത് കാലഘട്ടത്തിലാണെന്നും അന്നത്തെ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില എത്രയായിരുന്നുവെന്നും സബ്സിഡി നിരക്ക് കാലോചിതമായി പരിഷ്കരിക്കാൻ വകുപ്പ് ഇടപെടൽ നടത്തുമോയെന്നും വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതു വിതരണ സമ്പ്രദായം വഴി ലഭിക്കുന്ന മണ്ണെണ്ണയും, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എണ്ണ കമ്പനികൾ വില നിശ്ചയിച്ച് മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുമാണ് പ്രധാനമായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്നത്. നിലവിൽ പൊതു മാർക്കറ്റിൽ ഒരു ലിറ്റർ മണ്ണെണ്ണക്ക് 102 രൂപയും സിവിൽ സപ്ലൈസ് വഴി നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണക്ക് 64.50 രൂപയുമാണ്. പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നൽകി മത്സ്യഫെഡിലൂടെ വിൽപ്പന നടത്തുന്ന പദ്ധതി നിലവിലുണ്ട്. സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ വീതം സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി മുഖേന) നൽകി വരുന്നുണ്ട്. ആയതു പ്രകാരം മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് |

| | | | |
|---|---|---|---|
| | | | നിലവിൽ ലിറ്ററിന് 102 രൂപയ്ക്കാണ് മണ്ണെണ്ണ നൽകുന്നത്. ഇതിൽ 25 രൂപ സബ്സിഡി ആനുകൂല്യം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നു.<br><br>2014 - 2015 കാലയളവിലാണ് ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി തുക നിർണ്ണയിച്ചത്. ടി കാലയളവിലെ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 56.95 രൂപയായിരുന്നു.<br><br>കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമായെങ്കിൽ മാത്രമേ ഈ പ്രശ്നത്തിൽ ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ. |
| (സി) | എത്ര ലിറ്റർ മണ്ണെണ്ണ വീതം ലഭിക്കുന്നതിനുള്ള പെർമിറ്റ് ആണ് നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര ലിറ്റർ വീതം നിലവിൽ അവർക്ക് ലഭ്യമാകുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതു വിതരണ സമ്പ്രദായത്തിലൂടെ സിവിൽ സപ്ലൈസ് വകുപ്പ് വഴി ലഭ്യമാക്കുന്ന സബ്സിഡി രഹിത (നോൺ പി.ഡി.എസ്) മണ്ണെണ്ണ 10 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 129 ലിറ്റർ, 15 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 136 ലിറ്റർ, 15 എച്ച്.പി യ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 180 ലിറ്റർ എന്നിങ്ങനെയാണ്. 2022-23 സാമ്പത്തിക വർഷം 7160 കിലോ ലിറ്റർ സബ്സിഡി രഹിത (നോൺ പി.ഡി.എസ്) മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. നടപ്പ് വർഷത്തേക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1296 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് മത്സ്യബന്ധന മേഖലയ്ക്ക് അനുവദിച്ചത്. ആയത് മുഴുവനും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി പെർമിറ്റ് അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. 10 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്റർ, 15 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്റർ, 15 എച്ച്.പിയ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ എന്നിങ്ങനെയാണ് വെള്ള മണ്ണെണ്ണയുടെ വിതരണം. ഇത് കൂടാതെ വിപണി നിരക്കിൽ 10 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 371 ലിറ്റർ വീതവും, 15 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 614 ലിറ്റർ വീതവും, 15 എച്ച്.പിയ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 820 ലിറ്റർ വീതവും മണ്ണെണ്ണ ഉണഭോക്താക്കളുടെ ആവശ്യ പ്രകാരം നൽകി വരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷം 8515.97 |

| | | | |
|---|---|---|---|
| | | | കിലോ ലിറ്റർ സബ്സിഡി മണ്ണെണ്ണ മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. |
| (ഡി) | സർക്കാർ സംവിധാനങ്ങളിലൂടെ മണ്ണെണ്ണ ലഭ്യമാകാത്തതിനാൽ കരിഞ്ചന്തയിൽ നിന്നും ഉയർന്ന വിലയ്ക്ക് മണ്ണെണ്ണ വാങ്ങി മത്സ്യബന്ധനം നടത്തേണ്ടിവരുന്ന സാഹചര്യം പരിഗണിച്ച് മണ്ണെണ്ണ ലഭ്യത ഉറപ്പാക്കുന്നതിനും സബ്സിഡി നിരക്ക് ഉയർത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമായെങ്കിൽ മാത്രമേ ഈ പ്രശ്നത്തിൽ ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ.<br><br>കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി ഉത്തരവാകുകയും ചെയ്ത് കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ